## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1137. 06.06.2018 -ലെ മറുപടിക്ക്.

### തൊഴിൽനയം

ചോദ്യം
**ശ്രീ.മഞ്ഞളാംകുഴി അലി**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകളാണ് പ്രധാനമായും ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) | ഉണ്ട്. പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ ഏതെല്ലാം തൊഴിൽ നിയമങ്ങളിലാണ് പരിഷ്കരണം നടത്താൻ ആലോചിക്കുന്നത്; | (ബി) | സംസ്ഥാനത്ത് മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ടെക്സ്റ്റൈൽസുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബിൽ, ജീവനക്കാരുടെ എണ്ണം അനുസരിച്ചല്ലാതെ എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും, രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ് ) ആക്ട് 1958 ഭേദഗതി |

| | | | |
|---|---|---|---|
| | | | ബിൽ, എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളിൽ എക്സ് പാർട്ടി ഓർഡർ പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരം നൽകുന്നതിനും അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകുവാൻ ഡോക്ടർമാരെയും മെഡിക്കൽ ബോർഡുകളെയും ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും പുതുതായി കൂട്ടിച്ചേർത്ത് കേരള എംപ്ലോയീസ് കോമ്പൻസേഷൻ ഭേദഗതി ബിൽ, പേയ്മെന്റ് ഓഫ് വേജസ് ആകട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിജ്ഞാപനം, മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക മിനിമം വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ, കേരള ഈസ് ഓഫ് കംപ്ലയിന്സ് റ്റു മെയ്ന്റെയിൻ രജിസ്റ്റർ അണ്ടർ വേരിയസ് ലേബർ ലാസ്, റൂൾസ്, 2018, കേരള പേയ്മെന്റ് ഓഫ് മിനിമം വേയ്ജസ് റ്റു റ്റീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് എഡ്യുക്കേഷണൽ ഇൻസ്റ്റിട്യൂഷൻ ബിൽ 2014 ന്റെ കരട്, മെച്ചപ്പെട്ട തൊഴിൽമേഖലകളില്ലെങ്കിലും ഫെയർവേജസ് നിശ്ചയിക്കുന്നതിനു നിയമസാധ്യത ഉൾപ്പെടുത്തിയ ബില്ലിന്റെ കരട് എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | തൊഴിൽ മേഖലയിൽ പുതിയതായി ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## തൊഴിൽ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ

1. കാർഷികം, ഐ.ടി, മത്സ്യ സംസ്കരണം, നിർമ്മാണം, കച്ചവടം തുടങ്ങി കൂടുതൽ മേഖലകളിൽ വ്യവസായ ബന്ധസമിതി രൂപീകരിക്കും.
2. ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
3. ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതായുള്ള പരാതി ഉയർന്നു വരുന്നുണ്ട്. ഇത് പൂർണമായി അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളികളുടെ കൂലി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കും
4. തൊഴിലാളികളുടെ വേതനം ആധാറുമായി ബന്ധിപ്പിച്ച് വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്ന 'വേതന സുരക്ഷാ പദ്ധതി' സംസ്ഥാന വ്യാപകമായി നടപ്പാക്കും.
5. സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് "ക്രഷ് സെസ്" നടപ്പിൽ വരുത്തുകയും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. ഇവയുടെ കാലോചിതമായ പരിപാലനത്തിന് സംവിധാനങ്ങൾ നിർബന്ധമാക്കും.
6. സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാല തൊഴിലാളി പുനരധിവാസത്തിനും സമഗ്രസംവിധാനം ഒരുക്കും. ഇതിലൂടെ സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി മാറ്റും.
7. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തും.
8. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരും.
9. സമാനസ്വഭാവമുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തികരിക്കും. ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് ആരോഗ്യം, പാർപ്പിടം, തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്ഷേമപദ്ധതികൾ പരിഷ്കരിക്കും.
10. ഇതര സംസ്ഥാന തൊഴിലാളികളുടെ (അതിഥി തൊഴിലാളികൾ) ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുവാനും തൊഴിലാളികളുടെ വിവര ശേഖരണത്തിനുമായി ശക്തമായ ഇടപെടൽ നടത്തും.

11. പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വ്യവസായ വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കും.

12. ഉൽപാദന ക്ഷമതയും പ്രഫഷണലിസവും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ മികവ് പുലർത്തുന്നവർക്കായി തൊഴിലാളി ശ്രേഷ്ഠ അവാർഡ് ഏർപ്പെടുത്തും.

സെക്ഷൻ ഓഫീസർ